പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1161 04.02.2019 ൽ മറുപടിക്ക്**

**കൊല്ലം ബൈപാസ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) കൊല്ലം ബൈപാസിന്റെ കല്ലുംതാഴം മുതൽ കാവനാട് വരെയുള്ള മൂന്നും നാലും ഘട്ട പണികളുടെ കരാർ ഉറപ്പിച്ചതും പണി ആരംഭിച്ചതും എന്നാണെന്ന് വ്യക്തമാക്കുമോ; | എ) കൊല്ലം ബൈപാസിന്റെ കല്ലുംതാഴം മുതൽ കാവനാട് വരെയുള്ള മൂന്നും നാലും ഘട്ടം ഉൾപ്പെടുന്ന കാവനാട് മുതൽ മേവറം വരെയുള്ള 13 കിമീ ബൈപ്പാസിന്റെ പണിയുടെ കരാർ ഉറപ്പിച്ച തീയതി 2015 ഫെബ്രുവരി 11 ഉം പ്രവൃത്തി ആരംഭിച്ച തീയതി 25.05.2015 ഉം ആണ്. |
| ബി) പ്രസ്തുത പണി എന്നത്തേക്ക് പൂർത്തിയാക്കുന്നതിനാണ് കരാറിൽ വ്യവസ്ഥ ചെയ്തിരുന്നതെന്ന് അറിയിക്കുമോ; | ബി) കരാർ വ്യവസ്ഥ അനുസരിച്ച് പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്ന തീയതി 25.11.2017 ആയിരുന്നു. |
| സി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത കരാർ കാലാവധി വർദ്ധിപ്പിച്ച് നൽകുകയുണ്ടായോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; | സി) ഈ ബൈപ്പാസ് നിർമ്മാണത്തിന് രണ്ടര ലക്ഷത്തിലധികം ക്യൂബിക് മീറ്റർ ഗ്രാവൽ ആവശ്യമായിരുന്നു. എന്നാൽ സംസ്ഥാനത്ത് ഇവയുടെ ഖനനത്തിന് നിയന്ത്രണം ഉണ്ടായ സാഹചര്യത്തിൽ പദ്ധതി വൈകുന്നതിന് കാരണമായി. പദ്ധതി മേൽനോട്ടം വഹിക്കുന്ന അതോറിറ്റീസ് എഞ്ചിനീയറിന്റെ ശുപാർശ പ്രകാരം പദ്ധതി പൂർത്തീകരിക്കുന്ന തീയതി 22.08.2018 വരെ നീട്ടി നൽകിയിട്ടുണ്ടായിരുന്നു. തുടർന്ന് സംസ്ഥാനത്തുണ്ടായ ഓഖി കൊടുങ്കാറ്റും, അതിതീവ്ര മഴയും കാരണം തുടർച്ചയായി പണി നടത്തുവാൻ സാധിക്കാതെ വന്നതിനാൽ 31.12.2018 വരെയും കാലാവധി നീട്ടി നൽകിയിരുന്നു. ഈ കാലയളവിൽ തന്നെ പ്രവൃത്തി പൂർത്തീകരിച്ചു. ഇപ്പോഴത്തെ സർക്കാർ |

അധികാരമേൽക്കുമ്പോൾ ഈ പ്രവൃത്തി നിശ്ചലാവസ്ഥയിലായിരുന്നു. കേവലം 24 ശതമാനം മാത്രമായിരുന്നു പൂർത്തിയായിരുന്നത്. ഇത്തരത്തിൽ പ്രവൃത്തി മന്ദഗതിയിലായതും കാലാവധി നീട്ടി നൽകാൻ കാരണമായിട്ടുണ്ട്. ഇക്കാരണത്താൽ പൊതുമരാമത്ത് വകുപ്പ് മന്ത്രി നാലു യോഗങ്ങൾ ജില്ലയിലെ മന്ത്രിമാരും, എം.എൽ.എ മാരും, മറ്റു ജനപ്രതിനിധികളെയും ഉൾപ്പെടുത്തി വിളിക്കുകയും, ഗ്രാവലിന്റെ പ്രശ്നം ഉൾപ്പെടെ പരിഹരിക്കുകയും, 25.10.2018 ന ജില്ലയിലെ മന്ത്രിമാർ ബൈപ്പാസ് മേഖലയിലെ എം പി മാർ, എം.എൽ.എ മാർ, കൊല്ലം മേയർ എന്നിവരോടൊപ്പം ബൈപ്പാസിന്റെ 13 കിലോമീറ്ററും സഞ്ചരിച്ച് പുരോഗതി വിലയിരുത്തിയതുൾപ്പെടെയുള്ള തുടർച്ചയായ മോണിറ്ററിംഗ് നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ബാക്കി 76 ശതമാനം പണികളും ഇത്ര വേഗത്തിൽ പൂർത്തീകരിക്കാനും ബൈപ്പാസ് നാടിനു സമർപ്പിക്കാനുമായത് .

| | | | |
|---|---|---|---|
| ഡി) | കേന്ദ്ര ദേശീയ പാത മന്ത്രാലയം 2019 ജനുവരിയിൽ ബൈപാസ് ഉദ്ഘാടനത്തിനുള്ള സൗകര്യം ആരാഞ്ഞ് സംസ്ഥാന സർക്കാരിന് കത്ത് നൽകിയിരുന്നോ; | ഡി) & ഇ) | നൽകിയിട്ടുണ്ട്. ജനുവരി ആദ്യവാരം കൊല്ലം ബൈപ്പാസിന്റെ ഉദ്ഘാടനം നടത്തണമെന്ന് കത്ത് നമ്പർ RE/NH-12037/434/2009-KL/Z-III dated 01.01.2019 പ്രകാരം കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം ആവശ്യപ്പെടുന്ന കത്ത് ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ ആഫീസിൽ 03.01.2019 ന ലഭിക്കുകയുണ്ടായി. |
| ഇ) | എങ്കിൽ പ്രസ്തുത കത്ത് ലഭിച്ചതിനു ശേഷം 2019 ഫെബ്രുവരി 2-ന് ബൈപാസ് ഉദ്ഘാടനം നടത്തുമെന്ന് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചത് ഏത് സാഹചര്യത്തിലായിരുന്നുവെന്ന് വ്യക്തമാക്കുമോ? | | 2018 ഒക്ടോബർ 30 ന തലശ്ശേരി - മാഹി ബൈപ്പാസ് നിർമ്മാണോദ്ഘാടന വേളയിൽ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രി ശ്രീ.നിധിൻ ഗഡ്കരിയോട് പൊതുമരാമത്ത് മന്ത്രി കൊല്ലം ബൈപ്പാസ് 2019 ജനുവരിയിൽ പ്രവൃത്തി പൂർത്തീകരിക്കുമെന്നതിനെ കുറിച്ചും, ഉദ്ഘാടനത്തിനു അദ്ദേഹം പങ്കെടുക്കണമെന്നും |

നിർദ്ദേശംവെച്ചിരുന്നു. സാധാരണഗതിയിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ നിന്നും അതു സംബന്ധിച്ച അറിയിപ്പ് സംസ്ഥാന സർക്കാരിലേയ്ക്ക് നേരിട്ട് ലഭിക്കാറുണ്ടായിരുന്നു. എന്നാൽ 03.01.2019 വരെ കേന്ദ്ര സർക്കാരിൽ നിന്നോ MoRTH-ൽ നിന്നോ ഉദ്ഘാടനം സംബന്ധിച്ച യാതൊരു അറിയിപ്പും ലഭിക്കാത്ത സാഹചര്യത്തിലും, പത്രദൃശ്യ മാധ്യമങ്ങളിൽ ഉദ്ഘാടനം സംബന്ധിച്ച് ആധികാരികമല്ലാത്ത വാർത്തകൾ സംസ്ഥാന സർക്കാരിനു ഒരു അറിവുമില്ലാതെ തുടർച്ചയായി വരികയും ആശയക്കുഴപ്പമുണ്ടാക്കുകയും ചെയ്തു സാഹചര്യത്തിലും, ഈ പ്രവൃത്തിയുടെ പകുതി ചെലവ് വഹിക്കുന്നതിനു പുറമേ പ്രവൃത്തിയുടെ നിർവ്വഹണം, മേൽനോട്ടം എന്നിവ പൂർണ്ണമായും നടത്തുന്നത് സംസ്ഥാന പൊതുമരാമത്ത് ദേശീയപാത വിഭാഗമാണ് എന്ന സാഹചര്യത്തിലും, പ്രവൃത്തിയുടെ ഭാഗമായ ലൈറ്റിംഗ് ഉൾപ്പെടെ പൂർത്തീകരിക്കാൻ ആവശ്യമായ സമയം കൂടി കണക്കിലെടുത്ത് കൊണ്ടാണ് 2019 ഫെബ്രുവരി 2നു ഉദ്ഘാടനം ചെയ്യുമെന്ന പ്രഖ്യാപനം നടത്തിയത്. എങ്കിലും അതിനു ശേഷം ഉദ്ഘാടനം ചെയ്യാനുള്ള താൽപര്യം കേന്ദ്ര സർക്കാരിൽ നിന്നും ഔദ്യോഗികമായി അറിയിപ്പ് ലഭിച്ചപ്പോൾ ബഹു.മുഖ്യമന്ത്രി പരസ്യമായി അതിനെ സ്വാഗതം ചെയ്യുകയും അതിനാവശ്യമായ ക്രമീകരണങ്ങളും നടപടിക്രമങ്ങളും ത്വരിതഗതിയിൽ സ്വീകരിക്കുകയും, ബഹു.പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യുകയുമുണ്ടായി.

S. Bindu

**സെക്ഷൻ ഓഫീസർ**